LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ വിദ്യാർത്ഥികൾ

286 (3798) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസിൽ സ്വർണ്ണമെഡൽ നേടിയ എത്ര വിദ്യാർത്ഥികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ ജോലി വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ ജോലി നൽകുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനത്തിനുവേണ്ടി 54 കായിക താരങ്ങൾ സ്വർണ്ണമെഡൽ നേടിയിട്ടുണ്ട്. പ്രസ്തുത കായിക താരങ്ങളിൽ 3 പേർ ബിരുദ വിദ്യാർത്ഥികളാണ്.

(ബി) പ്രസ്തുത വിദ്യാർത്ഥികളുൾപ്പെടെ 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാന ടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടിയവരിലും ടീമിനത്തിൽ സ്വർണ്ണ മെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ നിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടീമിനത്തിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നു.

സ്മൈൽ പദ്ധതി

287 (3799) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്; എത്ര തുക ഇതിനകം ചെലവഴിച്ചു;

(സി) പാലക്കാട് ജില്ലയിലെ കോട്ടായി ഗവ:ഹയർസെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് ഒരു മൾട്ടി സ്പോർട്ട്സ് ഗ്രൗണ്ടാക്കുന്നതിനായി സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ, ആയതിലേക്കായി എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എന്നത്തേക്ക് പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഈ വകുപ്പിന്റെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി മൾട്ടി സ്പോർട്സ്, കമ്മ്യൂണിറ്റി സ്പോർട്സ്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ എന്നിവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികൾക്കായി ബഡ്ജറ്റിൽ ആകെ 10.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. (മൾട്ടി സ്പോർട്സ് 3 കോടി, കമ്മ്യൂണിറ്റി സ്പോർട്സ് 2 കോടി, സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ 5.5 കോടി,) സ്പോർട്സ് ഇൻഫ്രാസ്ട്രക്ചറിൽ ഇതുവരെ 90 ലക്ഷം രൂപയും കമ്മ്യൂണിറ്റി സ്പോർട്സിന് 2 കോടി രൂപയും ചെലവായിട്ടുണ്ട്.

(സി & ഡി) പ്രസ്തുത അപേക്ഷ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കാനാകുമോ എന്ന് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടിയശേഷം തീരുമാനിക്കുന്നതാണ്.

നാഷണൽ ഗെയിംസ്

288 (3800) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഗെയിംസുമായി ബന്ധപ്പെട്ട് വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ടെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly